# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1961 — 05.10.2016 -ൽ മറുപടിയ്ക്ക്

### ഭൂഗർഭ ജലനിരപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) | ഭൂഗർഭ ജലനിരപ്പ് ഉയർത്തിക്കൊണ്ടുവന്ന് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ജലവിഭവ വകുപ്പ് ഏതെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ) ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, തുറന്ന കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ തുറന്ന കിണർ പരിപോഷിപ്പിക്കുന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| ബി) | സംസ്ഥാനത്ത് ഏറ്റവുമധികം ഭൂഗർഭ ജലനിരപ്പ് കുറഞ്ഞ പ്രദേശങ്ങളെ പ്രത്യേകം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂജല വിതാനം തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പിൽ 871 നിരീക്ഷണ കിണറുകൾ നിലവിലുണ്ട്. പ്രസ്തുത കിണറുകളിൽ നിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥന പഠനം നടത്തുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും, കേന്ദ്ര ഭൂജലബോർഡും സംയുക്തമായി രണ്ട് വർഷത്തിലൊരിക്കൽ പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും, കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കലായും, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, പാനൂർ, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കാറഡുക്ക കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ |

ചിറ്റുമല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം, എറണാകുളം ജില്ലയിലെ പാമ്പാക്കുട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, ബാക്കിയുള്ള 126 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

സെക്ഷൻ ഓഫീസർ